JOSE PORUNNEDOM
BISHOP OF MANANTHAVADY

Circular No. 12/2020
Prot. No. 22997/2020

കർത്താവിനാൽ സ്നേഹിക്കപ്പെട്ട ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരെ, സഹോദരങ്ങളെ, പ്രിയപ്പെട്ട കുട്ടികളേ,

ഒരാഴ്ചയിലേറെയായി നമ്മളെല്ലാം കൊറോണാ വൈറസ് ബാധ തടയുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തിയിരിക്കുന്ന അടച്ചിടലിലൂടെ കടന്ന് പോകുകയാണല്ലൊ. ഇതുമൂലം നിങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ടുകളുണ്ടാകുന്നുണ്ട് എന്ന് മനസ്സിലാക്കുന്നു. എങ്കിലും ഇതിലും വലിയ ഒരു പ്രതിസന്ധിയെ തടഞ്ഞു നിർത്താനുള്ള മാർഗ്ഗമെന്ന നിലയിൽ സർക്കാരിന്റെ എല്ലാ നിർദ്ദേശങ്ങളോടും ആത്മാർത്ഥമായി നമ്മൾ സഹകരിക്കണം. നമ്മൾ മൂലം നമുക്ക് മാത്രമല്ല മറ്റുള്ളവർക്കും രോഗം വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടത് ക്രിസ്തീയ കടമയാണ് എന്ന് പറയേണ്ടതില്ലല്ലൊ. ഇത്തരം കാര്യങ്ങളിൽ ക്രൈസ്തവർ എന്നും മാതൃകാപരമായിട്ടാണ് പെരുമാറിയിട്ടുള്ളത്. ഈ പ്രതിസന്ധിയിലും നമ്മൾ ആ പാരമ്പര്യം തന്നെ പിൻചെല്ലണം.

ചില കാര്യങ്ങൾ നിയമം മൂലം നിരോധിച്ചിരിക്കുന്നത്, അങ്ങനെ ചെയ്തെങ്കിലേ നമ്മൾ അനുസരിക്കുകയുള്ളു എന്നതിനാലാണ്. നിയമലംഘകർക്ക് ശിക്ഷയുണ്ടാകും. അതിനെ ഭയന്നിട്ടെങ്കിലും നിർദ്ദേശങ്ങൾ പാലിക്കും. എന്നാൽ കേവലം നിയമം അനുസരിക്കാൻ വേണ്ടിയല്ല നമ്മൾ അനുസരിക്കുന്നത്; പ്രത്യുത ക്രൈസ്തവർ എന്ന നിലയിൽ നമ്മുടെ വിശ്വാസം അതാവശ്യപ്പെടുന്നതുകൊണ്ടാണ്. ഇക്കാര്യങ്ങളെല്ലാം പ്രതിപാദിച്ചുകൊണ്ട് അല്പം ദീർഘമായ ഒരു സർക്കുലർ സമൂഹമാദ്ധ്യമങ്ങളിലൂടെ നിങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ടല്ലൊ. *കൊറോണാ കാലത്തെ വിശ്വാസചിന്തകൾ* എന്ന ആ സർക്കുലർ എല്ലാവരും ശ്രദ്ധാപൂർവം വായിച്ച് അതിലെ ആശയങ്ങൾ ഉൾക്കൊള്ളണം എന്നഭ്യർത്ഥിക്കുന്നു.

വൈറസ് ബാധയുടെ ഭീതി നിലനില്ക്കുന്നതിനാൽ അടച്ചിടൽ കാലത്ത് കൂട്ടം ചേർന്നുള്ള പരിപാടികളെല്ലാം സർക്കാർ നിരോ ധിരിക്കുകയാണ്.

അതിനാൽ സമൂഹത്തെ പങ്കെടുപ്പിച്ച് കൊണ്ടുള്ള വിശുദ്ധവാര തിരുക്കർമ്മങ്ങൾ ദൈവാലയങ്ങളിൽ ഉണ്ടായിരിക്കുകയില്ല എന്ന കാര്യം ഇതിനകം നിങ്ങൾ മനസ്സിലാക്കിയിരിക്കുമല്ലോ. ക്രിസ്ത്യാനികളെ പ്രത്യേകിച്ച് കത്തോലിക്കരെ സംബന്ധിച്ച് ഏറെ ദു:ഖകരമാണ് അത്. എത്രയും വേഗം ലോകത്തെ ഈ മഹാമാരിയിൽ നിന്ന് മോചിപ്പിക്കണമെ എന്ന് പ്രാർത്ഥിക്കാം.

വിശുദ്ധവാര തിരുക്കർമ്മങ്ങൾക്ക് പകരമായി എന്ത് ചെയ്യാൻ പറ്റും എന്ന് ബഹുമാനപ്പെട്ട ഫൊറോനാ വികാരിയച്ചന്മാരുമായി വീഡിയോ കോൺഫ്രൻസിലൂടെ ചർച്ച ചെയ്യുകയുണ്ടായി. പല തരത്തിലുള്ള അഭിപ്രായങ്ങൾ ഉരുത്തിരിഞ്ഞു വന്നു. അവയുടെ പശ്ചാത്തലത്തിൽ താഴെ പറയുന്ന ക്രമീകരണമാണ് വിശുദ്ധവാരത്തിലേക്ക് മാനന്തവാടി രൂപതയിൽ ചെയ്തിരിക്കുന്നത്.

## പൊതു നിർദ്ദേശങ്ങൾ

1. മുമ്പ് അറിയിച്ചിരുന്നതുപോലെ ആളുകൾ ഒരുമിച്ച് ചേർന്നുള്ള ചടങ്ങുകൾക്കുള്ള വിലക്ക് സർക്കാർ നീക്കുന്നതു വരെ നമ്മുടെ പള്ളികളിലും താദൃശമായ മറ്റ് സ്ഥലങ്ങളിലും വിശ്വാസിസമൂഹത്തിന്റെ പങ്കാളിത്തമുള്ള ഒരു ചടങ്ങും നടത്തപ്പെടുന്നതല്ല.
2. അതിനാൽ ഏതെങ്കിലും ദിവസത്തെ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കാനുള്ള വിശ്വാസികൾക്കുള്ള കടമ ഈ കാലത്ത് ഉണ്ടായിരിക്കുന്നതുമല്ല.
3. പെസഹാ കാലത്തുള്ള വ്യക്തിഗത കുമ്പസാരം ഈ വർഷം സാധിക്കുകയില്ല. അതിനാൽ ഇക്കാര്യത്തിൽ സഭ പൊതുവായി സ്വീകരിച്ചിട്ടുള്ള നയമാണ് നമ്മുടെ രൂപതയിലും സ്വീകരിച്ചിരിക്കുന്നത്. അതായത്, അവരവർ തങ്ങളുടെ പാപങ്ങളെപ്പറ്റി പശ്ചാത്തപിച്ച് ദൈവത്തോട് മാപ്പപേക്ഷിക്കുകയും അവ ആവർത്തിക്കാതിരിക്കാനുള്ള തീരുമാനം എടുക്കുകയും ചെയ്യുക; സാധിക്കുന്ന ഏറ്റവും അടുത്ത സമയത്ത് വ്യക്തിഗത കുമ്പസാരം നടത്തിക്കൊള്ളാമെന്ന് മനസ്സിൽ ഉറച്ച തീരുമാനം എടുക്കുക. അത് പാലിക്കാനായി ഈശോയുടെ കൃപ യാചിക്കുകയും നിശ്ചിത ഭക്തകൃത്യങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുക. വ്യക്തിഗത കുമ്പസാരത്തിൽ ലഭിയ്ക്കുന്ന പ്രായശ്ചിത്തം ചെയ്തുകൊള്ളാം എന്ന് തീരുമാനിക്കുന്നതിനോടൊപ്പം സ്വന്തം

നിലയിൽ എന്തെങ്കിലുമൊക്കെ പരോപകാര പ്രവൃത്തികൾ ഇപ്പോൾ ചെയ്യുകയും ചെയ്യുക.

4. കുടുംബനാഥന്റെ അല്ലെങ്കിൽ നാഥയുടെ നേതൃത്വത്തിൽ കുടുംബങ്ങളിലും സുപ്പീരിയറുടെ നേതൃത്വത്തിൽ സമർപ്പിത ഭവനങ്ങളിലും നടത്താൻ പറ്റിയ തരത്തിലുള്ള പൊതു അനുതാപശുശ്രൂഷാ ക്രമങ്ങൾ രൂപതാകേന്ദ്രത്തിൽ നിന്ന് തയ്യാറാക്കിയിട്ടുണ്ട്. മേല്പ്പറഞ്ഞ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് അതുപയോഗിച്ച് അനുതാപ ശുശ്രൂഷ നടത്തുകയും ആകാം.
5. എല്ലാ ഇടവക ദൈവാലയങ്ങളിലും, വിശ്വാസിസമൂഹത്തിനായി വി. കുർബാന അർപ്പിക്കപ്പെടുന്ന മറ്റ് സ്ഥലങ്ങളിലും വിശുദ്ധവാര തിരുക്കർമ്മങ്ങൾ വളരെ ലളിതമായി വിശ്വാസിസമൂഹത്തിന്റെ പങ്കാളിത്തമില്ലാതെ നടത്തുക എന്നതാണ് നമ്മുടെ രൂപതയിൽ സ്വീകരിച്ചിരിക്കുന നയം.
6. അഞ്ച് പേരിൽ കൂടുതൽ പങ്കെടുക്കുന്ന ചടങ്ങുകളാണ് സർക്കാർ നിരോധിച്ചിരിക്കുന്നതെങ്കിലും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സാമൂഹ്യമായ അകലം പാലിക്കുക എളുപ്പമല്ലാത്തതിനാലാണ് ഇപ്രകാരം നമ്മൾ തീരുമാനിച്ചത്. വരുന്നവർ അഞ്ചു പേരേ ഉള്ളു എങ്കിലും അവരിൽ ആരെങ്കിലും ഒരാൾക്ക് വൈറസ് ബാധ ഉണ്ടായാൽ മതിയല്ലൊ രോഗം പകരാൻ. അത് നമ്മൾ എന്ത് വില കൊടുത്തും ഒഴിവാക്കണം. ഒരു പക്ഷെ വിശ്വാസത്തിന്റെ കണ്ണിലൂടെ നോക്കിക്കാണുന്ന നമ്മൾക്ക് വിശുദ്ധവാരത്തിൽ പള്ളിയിലെ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുന്നത് വളരെ പ്രധാനമാണെങ്കിലും മറ്റ് മതസ്ഥരും മതമില്ലാത്തവരും അങ്ങനെ കാണണമെന്നില്ല. ഈ പ്രതിസന്ധിഘട്ടത്തിലും ജോലിസ്ഥലത്തായിരിക്കാൻ നിർബന്ധിതരായവരോ അവരുടെ ബന്ധുക്കളോ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കാൻ വരുന്ന അഞ്ചു പേരുടെ കൂടെയുണ്ടെങ്കിൽ രോഗം പകരാനുള്ള സാദ്ധ്യത ഉണ്ട്. ഈ കാര്യങ്ങളെല്ലാം ഇത്തരുണത്തിൽ പരിഗണിക്കപ്പെടേണ്ടതുണ്ട്.
7. ഓരോ ഇടവകയിലെയും ദൈവാലയത്തിൽ നടത്തപ്പെടുന്ന തിരുക്കർമ്മങ്ങളുടെ സമയവിവരം സമൂഹമാദ്ധ്യമങ്ങൾ വഴി ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഇടവകജനത്തെ അറിയിക്കണം. അവ തൽസമയം സംപ്രേഷണം ചെയ്യപ്പെടുന്നുണ്ടെകിൽ അവയിലൊ, അല്ലെങ്കിൽ മറ്റേതെങ്കിലും കത്തോലിക്കാ ദൈവാലയത്തിൽ നിന്ന് ടെലിവിഷൻ, ഫേയ്സ് ബുക്ക്, യു ട്യൂബ് തുടങ്ങിയ മാദ്ധ്യമങ്ങളിലൂടെ

സംപ്രേഷണം ചെയ്യപ്പെടുന്ന തിരുക്കർമ്മങ്ങളിലോ ഇടവകജനത്തിന് പങ്കെടുക്കാവുന്നതാണ്.

8. ഒരു മാർഗ്ഗത്തിലൂടെയും തിരുക്കർമ്മങ്ങളിൽ പങ്കെടുക്കാൻ സാധിക്കാത്തവർ യാമപ്രാർത്ഥന, വി. ഗ്രന്ഥവായന, ജപമാല, തുടങ്ങിയ ഭക്തകൃത്യങ്ങൾ അനുഷ്ഠിച്ച് അവരവർ ആയിരിക്കുന്ന സ്ഥലത്ത് കുറച്ച് സമയം പ്രാർത്ഥനയിൽ ചെലവഴിക്കുക.
9. ഓശാന ഞായർ, പെസഹാ വ്യാഴം, ദു:ഖവെള്ളി, ഉയിർപ്പ് ഞായർ എന്നീ ദിവസങ്ങളിൽ മാനന്തവാടി ബിഷപ്പ്സ് ഹൗസിന്റെ ചാപ്പലിൽ നടത്തപ്പെടുന്ന തിരുക്കർമ്മങ്ങൾ തൽസമയം രൂപതയുടെ ഫെയ്സ് ബുക്ക് പേജിലും യുട്യൂബ് ചാനലിലും ലഭ്യമാണ്. സമയവിവരം പിന്നീട് അറിയിക്കുന്നതാണ്. ഓരോ ദിവസവും വൈകുന്നേരം പിറ്റെ ദിവസത്തെ തിരുക്കർമ്മങ്ങളുടെ സമയം ഓർമ്മപ്പെടുത്തുകയും ചെയ്യുന്നതാണ്.
10. വലിയ നോമ്പും വിശുദ്ധവാരവുമായി ബന്ധപ്പെട്ടുള്ള നിർദ്ദേശങ്ങളും കർമ്മവിധികളും മറ്റും കുടുംബനാഥന്മാരുടെ / നാഥമാരുടെ / സമർപ്പിതഭവനങ്ങളുടെ സുപ്പീരിയർമാരുടെ നേതൃത്വത്തിൽ നടത്തത്തക്ക വിധം ഒരു മൊബൈൽ ആപ്പ് രൂപത്തിൽ തയ്യാറാക്കിയിട്ടുണ്ട്. അത് നിങ്ങൾക്ക് ഗൂഗിൾ പ്ലേസ്റ്റോറിൽ നിന്ന് ഡൗൺ ലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്. അവയുടെ ലിങ്ക് പിന്നീട് ലഭ്യമാക്കുന്നതാണ്.
11. നമ്മുടെ രൂപതയുടെയും ഓരോ ഇടവകയുടെയും മൊബൈൽ ആപ്പിലും അത് ലഭ്യമാണ്. നമ്മുടെ ഇടവകകൾക്കായുള്ള മൊബൈൽ ആപ്പുകൾ ഈയവസരത്തിൽ എല്ലാ ഇടവകവികാരിമാരുടെ മൊബൈലിലും തുടർന്ന് എല്ലാ കുടുംബങ്ങളിലും ഒരാളുടെയെങ്കിലും മൊബൈലിലും ഇൻസ്റ്റാൾ ചെയ്താൽ തത്കാലം നമ്മുക്ക് ഇപ്പോൾ തയ്യാറാക്കിയിരിക്കുന്ന ആപ്പ് ഉപയോഗിക്കാം. തുടർന്ന് നമ്മുടെ കുടുംബവിവരങ്ങൾ ആത്മസ്ഥിതിയിലേതുപോലെ ആ ആപ്പിൽ ലഭ്യമാക്കാനും കഴിയും. എല്ലാ ബഹുമാനപ്പെട്ട വികാരിയച്ചന്മാരും അസിസ്റ്റന്റ് അച്ചന്മാരും ഇക്കാര്യത്തിൽ താത്പര്യമെടുക്കണേ. ഇപ്പോഴാണെങ്കിൽ എല്ലാവർക്കും ധാരാളം സമയമുണ്ട്. ഒരു കുടുംബത്തിന്റെ വിവരങ്ങൾ അതാത് കുടുംബക്കാർ തന്നെ **enter** ചെയ്യുകയാണെകിൽ അര മണിക്കൂറിൽ താഴെ മതി. ഈ കാര്യത്തിൽ ഏതു ഏത് സംശയത്തിനുള്ള നിവാരണവും രൂപതാ കേന്ദ്രത്തിൽ നിന്നോ ഫോറോനാകളിൽ പരിശീലനം സിദ്ധിച്ചിട്ടുള്ള കൊച്ചച്ചന്മാരിൽ നിന്നോ ലഭ്യമാണ്.

12. വി. ബൈബിൾ, വി. കുർബാന, യാമപ്രാർത്ഥനകൾ, മറ്റ് അനുദിന പ്രാർത്ഥനകൾ തുടങ്ങിയവ എല്ലാം ഇപ്രകാരം മൊബൈൽ ഫോണിലോ ടാബ് ലറ്റിലോ ഡൗൺ ലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്. അവയെല്ലാം ഇപ്പോൾ തന്നെ ലഭ്യമാണ്. സീറോമലബാർ (Syro Malabar) എന്ന് ടൈപ്പ് ചെയ്ത് പ്ലേ സ്റ്റോറിലോ ആപ്പ് സ്റ്റോറിലോ തെരഞ്ഞാൽ ഇവ ലഭ്യമാകും.
13. ബഹുമാനപ്പെട്ട ബ്രദേഴ്സിന്റെയും സിസ്റ്റേഴ്സിന്റെയും ഭവനങ്ങളിൽ നടത്താവുന്ന അനുതാപശുശ്രൂഷയുടെ ക്രമവും മുകളിൽ സൂചിപ്പിച്ച മൊബൈൽ ആപ്പിൽ ക്രമീകരിച്ചിട്ടുണ്ട്. നിർഭാഗ്യവശാൽ പുറത്തുനിന്നുള്ള വൈദികർ ഈ ഭവനങ്ങളിൽ വന്ന് കർമ്മങ്ങൾ നടത്തുന്നതും ഈ ഭവനത്തിലെ അംഗങ്ങൾ ഇടവകപ്പള്ളിയിലേക്കോ മറ്റ് സമർപ്പിത ഭവനങ്ങളിലേക്കോ പോകുന്നതും അനുവദനീയമല്ല എന്ന കാര്യം ഓർമ്മിപ്പിക്കട്ടെ.
14. രൂപതാദ്ധ്യക്ഷന്മാർക്ക് തങ്ങളുടെ കത്തീഡ്രൽ ദൈവാലയങ്ങളിൽ വിശുദ്ധവാര ശുശ്രൂഷകൾ, വിശ്വാസിസമൂഹത്തിന്റെ പങ്കാളിത്തമില്ലാതെ, എന്നാൽ അവരെ സമയവും മറ്റും അറിയിച്ചിട്ട്, നടത്താം എന്നാണ് അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പിന്റെ നിർദ്ദേശം. എങ്കിലും നിർദ്ദേശം പ്രാദേശികമായ മാറ്റങ്ങൾക്ക് വിധേയമാണ്. നമ്മുടെ രൂപതയിലെ കത്തീഡ്രൽ ദൈവാലയത്തിൽ ബഹുമാനപ്പെട്ട വികാരിയച്ചനും അസ്സിസ്റ്റന്റ് അച്ചനുമായിരിക്കും തിരുക്കർമ്മങ്ങൾ നടത്തുന്നത്. കത്തീഡ്രലിൽ പോകുമ്പോൾ അഞ്ചു പേരിൽ കൂടുതൽ പേരുടെ സാന്നിദ്ധ്യം ഉണ്ടാകുമെന്നതിനാലും തിരുക്കർമ്മങ്ങൾ അവിടെ നിന്ന് സംപ്രേഷണം ചെയ്യാനുള്ള സംവിധാനം ഒരുക്കാൻ പ്രയാസമാണ് എന്നതിനാലുമാണ് ഇപ്രകാരം തീരുമാനിച്ചത്.

**ഓശാന ഞായർ:**

വെഞ്ചിരിച്ച കുരുത്തോല നമ്മുടെ വിശ്വാസജീവിതത്തിൽ വലിയൊരു സ്ഥാനം നേടിയിട്ടുണ്ട് എന്നതൊരു വസ്തുതയാണ്. എങ്കിലും ഇടവകപ്പള്ളിയിൽ പോകാനോ വെഞ്ചരിച്ച ഓല വാങ്ങാനോ ഒന്നും ഇപ്രാവശ്യം സാദ്ധ്യമല്ല. ഏതെങ്കിലും രീതിയിൽ പള്ളിയിൽ നിന്ന് ഓല വീടുകളിൽ എത്തിച്ചു കൊടുക്കുന്നതും അനുവദനീയമല്ല.

അതുകൊണ്ട് ഇനി പറയുന്ന ക്രമീകരണമാണ് അതിനായി ചെയ്തിരിക്കുന്നത്. ഓല വേണ്ട എന്ന് തോന്നുന്നവർക്ക് അതിനുള്ള സ്വാതന്ത്ര്യമുണ്ട്. വേണം എന്നുവരുടെ കാര്യമാണ് ഇവിടെ പരാമർശിക്കുന്നത്.

1. കഴിഞ്ഞ വർഷത്തെ ഓല സൂക്ഷിച്ച് വച്ചിട്ടുള്ളവർക്ക് അത് ഉപയോഗിക്കാവുന്നതാണ്.
2. ബിഷപ്പ്സ് ഹൗസ് ചാപ്പലിലെ ശുശ്രൂഷയുടെ സമയത്ത് പ്രതീകാത്മകമായി ഏതാനും ഓലകൾ വെഞ്ചരിക്കുന്നതാണ്. ആ സമയം വീടുകളിലോ സമർപ്പിത ഭവനങ്ങളിലോ ആയിരുന്നുകൊണ്ട് അതിൽ പങ്ക് ചേരുന്നവർക്ക് അവരവരുടെ സ്ഥലങ്ങളിൽ ആവശ്യമുള്ളത്ര ഓല തയ്യാറാക്കി വയ്ക്കുകയാണെങ്കിൽ അവയും വെഞ്ചരിക്കപ്പെടുന്നതാണ്. വെഞ്ചരിപ്പ് എന്നത് ഒരു ആത്മീയ ശുശ്രൂഷ ആയതിനാൽ ഈ വെഞ്ചരിപ്പ് സാധുവായിരിക്കും.
3. ബിഷപ്പ്സ് ഹൗസ് ചാപ്പലിലെ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കാൻ പറ്റാത്തവർ ഏതെങ്കിലും കത്തോലിക്കാ ദൈവാലയത്തിൽ നിന്നുള്ള തിരുക്കർമ്മങ്ങളുടെ തൽസമയ സംപ്രേഷണത്തിൽ പങ്കെടുത്ത് ആ സമയം അവർ ആയിരിക്കുന്ന സ്ഥലങ്ങളിൽ ഓലകൾ തയ്യാറാക്കി വച്ച് കാർമ്മികന്റെ പ്രാർത്ഥനയിൽ ആത്മീയമായി ഒന്നു ചേർന്ന് ആ ഓലകളെയും വിശുദ്ധീകരിച്ച് തരണമെ എന്ന് പ്രാർത്ഥിച്ചാൽ മതിയാകും.
4. ഇത്തരുണത്തിൽ ഓലയെപ്പറ്റിയുള്ള ചില തെറ്റിദ്ധാരണകളും നമ്മൾ തിരുത്തേണ്ടതായിട്ടുണ്ട്. ഓലയുടെ വലുപ്പവും മൂപ്പും ഉണങ്ങാതെയിരിക്കുന്ന ദിവസങ്ങളും എല്ലാം നോക്കി അത് കിട്ടുന്നയാളിന്റെ ജീവിതദൈർഘ്യം തീരുമാനിക്കപ്പെടുന്നു എന്നൊരു അന്ധവിശ്വാസം ചിലരുടെ ഇടയിലുണ്ട്. അങ്ങനെയുള്ള പ്രത്യേകതകൾ വെഞ്ചരിച്ച കുരുത്തോലകൾക്കില്ല എന്ന് ഓർമ്മിപ്പിക്കട്ടെ.

## പെസഹാ വ്യാഴം

1. പെസഹാ വ്യാഴാഴ്ച കാലുകഴുകൽ ഉണ്ടായിരിക്കുകയില്ല. ബാക്കി എല്ലാ കർമ്മ വിധികളും പതിവു പോലെ തന്നെയായിരിക്കും.
2. പെസഹാ വ്യാഴാഴ്ച പള്ളിയിൽ വിശ്വാസിസമൂഹത്തിന്റെ പങ്കാളിത്തത്തോടെ സാധാരണ നടത്തപ്പെടുന്ന ദിവ്യകാരുണ്യാരാധന ഉണ്ടായിരിക്കുകയില്ല. എന്നാൽ ബഹുമാനപ്പെട്ട വികാരിയച്ചന്മാരും അസിസ്റ്റന്റ് അച്ചന്മാരും അപ്രകാരം ചെയ്യുന്നത് സമയോചിതമാണ്.

അതുപോലെ തന്നെ സ്ഥാപനങ്ങളിലുള്ള ബഹുമാനപ്പെട്ട വൈദികരും. *അങ്ങനെ ഇസ്രായേൽ വിശുദ്ധവസ്തുക്കൾ കാഴ്ച സമർപ്പിക്കുന്നതിൽ വരുത്തുന്ന വീഴ്ചകൾ അവൻ വഹിക്കട്ടെ* (പുറപ്പാ. 28:38). *അങ്ങനെ അഹറോൻ തന്റെ മാറിൽ ഇസ്രായേലിന്റെ ന്യായവിധി കർത്താവിന്റെ സന്നിധിയിൽ നിരന്തരം വഹിക്കട്ടെ* (പുറപ്പാ. 28:30). സമർപ്പിതരും അവരവരുടെ ഭവനങ്ങളിൽ ഇപ്രകാരം ചെയ്യുന്നത് അഭിലഷണീയമാണ്.

3. കുടുംബങ്ങളിൽ പെസഹാവ്യാഴാഴ്ച പ്രത്യേകമായി നമ്മുടെ രൂപതയിലെ വൈദികരെ ഓർത്ത് പ്രാർത്ഥിക്കണം എന്നഭ്യർത്ഥിക്കുന്നു. കാരണം അവരാണല്ലൊ ഓരോ ദിവസവും ഈശോയെ കൂദാശാരൂപത്തിൽ നമ്മിൽ സംജാതമാക്കുന്നത്. സമർപ്പിതരും കുടുംബങ്ങളിൽ സ്മരിക്കപ്പെടണം, അവരുടെ ജീവിതം അവരെടുത്തിരിക്കുന്ന വ്രതങ്ങൾക്ക് അനുസരിച്ചാകാൻ വേണ്ടി. സഭയുടെ ശുശ്രൂഷാ മുഖമാണവർ.
4. അപ്പം മുറിക്കൽ നമ്മുടെ രൂപതയിൽ ഇപ്പോൾ ഇടവകപ്പള്ളിയിൽ ഇല്ല എന്നതുകൊണ്ട് അതെപ്പറ്റി പറയേണ്ടതില്ലല്ലൊ.
5. വീടുകളിലും സമർപ്പിതഭവനങ്ങളിലും അതാത് കുടുംബങ്ങളിലെയും സമർപ്പിതഭവനങ്ങളിലെയും അംഗങ്ങൾ മാത്രമെ അപ്പം മുറിക്കൽ ചടങ്ങിൽ പങ്കെടുക്കാവൂ എന്ന കാര്യവും ഓർമ്മിക്കുക. ഈ ദിവസത്തേക്കുള്ള കർമ്മങ്ങളിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ കുടുംബങ്ങളിൽ അപ്പം മുറിക്കൽ കാലു കഴുകലിന്റെ സമയത്ത് അതിനു പകരമായി നടത്താവുന്നതാണ്. സാമൂഹ്യമായ അകലം പാലിക്കുക എന്ന നിർദ്ദേശം നിലവിലുള്ളതിനാൽ കാലുകഴുകൽ പ്രോൽസാഹിപ്പിക്കുന്നില്ല.
6. കർത്താവ് ശ്ലീഹന്മാരുടെ കാലു കഴുകിയത് അപ്പം മുറിക്കൽ ചടങ്ങിന് ശേഷമാണല്ലൊ. അപ്പം മുറിക്കലും കാലുകഴുകലും ഒരേ യാഥാർത്ഥ്യത്തിന്റെ രണ്ട് വശങ്ങളാണ്. അതായത് കാലുകഴുകാനുള്ള മനസ്സില്ലാതെ അപ്പം മുറിക്കൽ (വി. കുർബാന) പൂർണ്ണമാകുകയില്ല. എന്നാൽ വി. യോഹന്നാന്റെ സുവിശേഷത്തിൽ അപ്പം മുറിക്കലിന്റെ കാര്യം പറയുന്നില്ല. അതിന്റെ സ്ഥാനത്ത് കാലു കഴുകലാണ് കൊടുത്തിരിക്കുന്നത്. അതിന്റെ കാരണം അദ്ദേഹം സുവിശേഷം രേഖപ്പെടുത്തുന്ന കാലമായപ്പോഴേയ്ക്കും സഭാസമൂഹത്തിൽ പ്രഥമസ്ഥാനത്തിനും നേതൃത്വസ്ഥാനത്തിനും

വേണ്ടിയുള്ള പിടിവലികൾ രൂക്ഷമായിക്കഴിഞ്ഞിരുന്നു എന്നതാണ്. അപ്പം മുറിക്കൽ കുറെ നിയമങ്ങൾ അനുസരിച്ച് ചെയ്തു തീർക്കേണ്ട ഒരു അനുഷ്ഠാനമായും തരം താഴ്ന്നിരുന്നു. അത് കർത്താവിന്റെ പ്രബോധനത്തിന് വിരുദ്ധമാണ് എന്ന് കാണിക്കുകയാണ് കാലു കഴുകുന്ന രംഗം വിശദീകരിക്കുന്നതിലൂടെ വി. യോഹന്നാൻ ചെയ്യുന്നത്. ഈശോയുടെ കാലത്ത് കാലുകഴുകൽ അടിമയുടെ ജോലിയായിരുന്നു. മനുഷ്യരുടേതെന്നല്ല, മൃഗത്തിന്റെ പോലും അവകാശങ്ങൾ ഏതുമില്ലാത്താത്ത ഒരു വസ്തു. കേവലം അനുഷ്ഠാനമല്ല അപ്പം മുറിക്കൽ കൊണ്ട് കർത്താവ് ഉദ്ദേശിച്ചത് എന്ന് ഉറപ്പിച്ച് പറയാൻ വേണ്ടിയാണ് അപ്പം മുറിക്കലിന് പകരമായി കാലു കഴുകൽ ശുശ്രൂഷ യോഹന്നാൻ രേഖപ്പെടുത്തിയത്. അപ്പം ഈശോയുടെ ശരീരമാണ്. അതാണ് മുറിക്കപ്പെട്ടതും ശിഷ്യർക്ക് കൊടുത്തതും. അതു തന്നെയാണ് കാലുകഴുകലിൽ സംഭവിക്കുന്നതും. ലോകത്തിന്റെ പാപങ്ങൾക്ക് മോചനം കൊടുക്കാൻ സ്വയം മുറിച്ച് കൊടുക്കുന്നവരാകണം ക്രിസ്തുശിഷ്യർ. അതാണ് ക്രൈസ്തവമാർഗ്ഗം തുറക്കുന്ന പുതിയ വഴി. ഇതു തന്നെയാണ് ഇന്നത്തെയും എന്നത്തെയും അവിടുത്തെ ശരീരമായ സഭാസമൂഹം ചെയ്യേണ്ടതും. അവിടുത്തെ ശരീരവും രക്തവും സ്വീകരിക്കുന്നവർ അവിടുത്തെ സ്വഭാവം ഉൾക്കൊള്ളണം. അതുകൊണ്ടാണ് ഈ വാക്കുകൾ കഠിനമാണ് എന്ന്  എന്ന് പറഞ്ഞ് കുറെ ശിഷ്യന്മാർ അവിടുത്തെ വിട്ടു പോയത് (യോഹ.: 60:6–7).

## <u>ദുഃഖവെള്ളി</u>

1. ബിഷപ്പ്സ് ഹൗസ് ചാപ്പലിൽ നടത്തപ്പെടുന്ന തിരുക്കർമ്മങ്ങളിൽ യൂട്യൂബിലുടെയും ഫെയ്സ് ബുക്കിലൂടെയും തൽസമയം പങ്കെടുക്കാം. ക്രൂശിത രൂപത്തിന്റെ വിരി മാറ്റുന്ന സമയം അതേപോലെ ഒരു ചടങ്ങ് വീടുകളിലും സമർപ്പിത ഭവനങ്ങളിലും നടത്താവുന്നതാണ്. കയ്പ്പു നീർ കുടിക്കണം എന്നുള്ളവർക്ക് അതും ആകാം. പലരുടെ സ്പർശനം ഉണ്ടാകുമെന്നതിനാൽ കുരിശു മുത്തുന്നതിനു പകരം കുമ്പിട്ട് വണങ്ങുക മാത്രമേ ചെയ്യുന്നുള്ളു.
2. കുരിശിന്റെ വഴി അവരവരുടെ സാഹചര്യങ്ങൾ അനുവദിക്കുന്ന പ്രകാരം വീടിനു ചുറ്റുമോ വീട്ടിനുള്ളിലോ വേണമെങ്കിൽ നടത്താം.

സമർപ്പിത ഭവനങ്ങളിൽ കുരിശിന്റെ വഴി സാധാരണ പോലെ നടത്തുക. ഇക്കാര്യങ്ങളിലൊന്നും നിർബന്ധം ഇല്ല എന്നും പറയട്ടെ.

3. ദു:ഖവെള്ളിയാഴ്ച നമ്മുടെ പാരമ്പര്യം പാലിച്ച് കടപ്പെട്ട എല്ലാവരും ഉപസിക്കാനും കൂടുതൽ സമയം പ്രാർത്ഥനയിലും ബൈബിൾ വായനയിലും ചെലവഴിക്കാനും പരിശ്രമിക്കുക.

## ദുഖശനി, ഉയിർപ്പ് ഞായർ

1. ദുഖശനിയാഴ്ച രാവിലെ വി. കുർബാനയോ മറ്റ് തിരുക്കർമ്മങ്ങളോ ബിഷപ്പ്സ് ഹൗസിന്റെ ചാപ്പലിൽ ഉണ്ടായിരിക്കുന്നതല്ല. അതേ സമയം ഇടവകകളിൽ വേണമെങ്കിൽ വി. കുർബാന പതിവു പോലെ വിശ്വാസി സമൂഹമില്ലാതെ അർപ്പിക്കാവുന്നതാണ്.
2. വൈകുന്നേരം ബിഷപ്പ്സ് ഹൗസിന്റെ ചാപ്പലിൽ ഉയിർപ്പ് തിരുനാളിന്റെ റംശാ പ്രാർത്ഥനയോടെ കൂടിയാണ് ഉയിർപ്പിന്റെ തിരുക്കർമ്മങ്ങൾ നടത്തപ്പെടുന്നത്. പൊതുവെ എല്ലാ റീത്തിലും ഇപ്രകാരം തന്നെയാണ് നടത്തുന്നത്. നമ്മുടെ സഭയിലും പുനരുദ്ധരിക്കപ്പെട്ട ക്രമമനുസരിച്ച് ഇങ്ങനെ തന്നെ നടത്തുന്നതാണ് ഉത്തമം എന്ന് പറഞ്ഞിട്ടുണ്ട്. ആ രീതിയിൽ നടത്താനുള്ള പുസ്തകങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. റംശ പ്രാർത്ഥനയോട് കർമ്മങ്ങൾ ആരംഭിച്ച് ഉയിർപ്പു കുർബാനയോടെ അവസാനിക്കുന്നു. ഈ തിരുക്കർമ്മങ്ങളിലും തൽസമയം യൂട്യൂബിലൂടെയും ഫെയ്സ് ബുക്കിലൂടെയും പങ്കെടുക്കാവുന്നതാണ്.
3. ഇടവകപ്പള്ളികളിലും ഇപ്രകാരം നടത്തുന്നത് ഉചിതമാണ്. ഞായറാഴ്ച വി. കുർബാന അർപ്പിക്കണമെന്നില്ല, എങ്കിലും താത്പര്യമുള്ളിടത്ത് ഞായറാഴ്ചയും വിശ്വാസിസമുഹത്തിന്റെ പങ്കാളിത്തമില്ലാതെ വി. കുർബാന അർപ്പിക്കുന്നതി ന് തടസ്സമില്ല.


കർത്താവിന്റെ സഹനമാണല്ലോ നമുക്ക് രക്ഷാകരമായി തീർന്നത്. ഇന്ന് അവിടുത്തെ മൗതികശരീരമാണ് ആ സഹനത്തിലൂടെ കടന്നു പോകേണ്ടത്, കാരണം അവിടുത്തെ രക്ഷണീയ ദൗത്യം ഇന്നത്തെ മനുഷ്യർക്ക് വേണ്ടി നമ്മളെയാണ് ഏല്പ്പിച്ചിരിക്കുന്നത്. അതുകൊണ്ട് നമ്മുടെ സഹനം അവിടുത്തെ സഹനമാണ്. അതാണ് വി. പൗലോസ് ശ്ലീഹാ പറഞ്ഞത്: *നിങ്ങളെ പ്രതിയുള്ള പീഢകളിൽ ഞാൻ സന്തോഷിക്കുന്നു. സഭയാകുന്ന തന്റെ ശരീരത്തെ പ്രതി ക്രിസ്തുവിനു സഹിക്കേണ്ടി വന്ന പീഢകളുടെ കുറവ് എന്റെ ശരീരത്തിൽ ഞാൻ നികത്തുന്നു* (കൊളൊ. (1:24). ഈ അടച്ചിടൽ കാലം നമുക്ക്

സഹനത്തിന്റെ കാലമാണ്. പക്ഷെ അത് ഈ ലോകത്തിന്റെ രക്ഷക്ക് വേണ്ടിയുള്ള സഹനമാണെന്ന് വിശ്വസിക്കുക. വിശ്വസിക്കുക മാത്രമല്ല അത് അങ്ങനെ തന്നെയാണ്. അതുകൊണ്ട് നമുക്കതിൽ ആഹ്ളാദിക്കാം. *മറിച്ച്, എല്ലാ വിധത്തിലും ദൈവത്തിന്റെ ദാസന്മാരാണെന്ന് ഞങ്ങൾ അഭിമാനിക്കുന്നു. വലിയ സഹനത്തിൽ, പീഢകളിൽ, ഞെരുക്കങ്ങളിൽ, അത്യാഹിതങ്ങളിൽ* (2 കോറി. 6:14). *ഇവിടെയാണ് ദൈവത്തിന്റെ കല്പനകൾ പാലിക്കുന്ന വിശുദ്ധരുടെ സഹനശക്തിയും യേശുവിലുള്ള വിശ്വാസവും വേണ്ടത്* (വെളി. 14: 12). ഈ തിരു വചനങ്ങൾ നമുക്ക് മാർഗ്ഗദർശനമരുളട്ടെ.

നമ്മുടെ മനസ്സുകളെയും ഹൃദയങ്ങളെയും അതിനായി കർത്താവ് ശക്തിപ്പെടുത്തട്ടെ. ഉയിർത്തെഴുന്നേറ്റ കർത്താവിൽ നിങ്ങളുടെ ഹൃദയങ്ങളും മനസ്സുകളും ശാന്തിയും സമാധാനവും കണ്ടെത്തട്ടെ. ഏവർക്കും അനുഗ്രഹ പൂർണ്ണമായ ഉയിർപ്പ് തിരുനാൾ മംഗളങ്ങൾ സ്നേഹപൂർവം നേരുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടെ കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽനിന്ന് 2020 ഏപ്രിൽ 2 ന് നൽകപ്പെട്ടത്.

യേശുവിൽ,



ബിഷപ്പ് ജോസ് പൊരുന്നേടം
മാനന്തവാടി രൂപതയുടെ മെത്രാൻ